**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2909** **14-02-2024 - ൽ മറുപടിയ്ക്ക്**

**കൊണ്ടോട്ടി മണ്ഡലത്തിൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി) | |
| (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വർഷം, തുക, ഏത് ഫണ്ടിൽ നിന്ന് എന്നതടക്കമുള്ള വിശദാംശം ലഭ്യമാക്കുമോ; | (എ) | കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ നാളിതുവരെ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ **അനുബന്ധം-1** ആയി ചേർക്കുന്നു. |
| (ബി) | മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ കരിയാത്തൻ കുഴി - വെട്ടുകാട് എസ്.സി. കോളനി റോഡ്, കക്കിട്ടീരി പുറായ-പാറോട്ട് പുറായി എസ്.സി. കോളനി റോഡ് എന്നിവയുടെ പ്രൊപ്പോസലിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ? | (ബി) | മണ്ഡലത്തിലെ വാഴക്കാട് പഞ്ചായത്തിലെ കരിയാത്തൻ കുഴി- വെട്ടുകാട് എസ്.സി. കോളനി റോഡ്, കക്കിട്ടീരി പുറായ-പാറോട്ട് പുറായി എസ്.സി. കോളനി റോഡ് എന്നിവയുടെ വിശദാംശങ്ങൾ **അനുബന്ധം-2** ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം 1

**(എ) കൊണ്ടോട്ടി മണ്ഡലത്തിൽ 2021-22 മുതൽ എസ്.സി. ഫണ്ട് ഉപയോഗിച്ച് നടന്ന പ്രവൃത്തികൾ**

<u>കോർപ്പസ് ഫണ്ട്</u>

| ക്രമ നമ്പർ | പദ്ധതി | വർഷം | അടങ്കൽ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | വള്ളിക്കാട്ടിൽ എടക്കണ്ടത്തിൽ കോളനി റോഡ് നിർമ്മാണം | 2021-22 | 2490000 | പൂർത്തീകരിച്ചു. |
| 2 | ഈന്തുംകുഴി പട്ടികജാതി കോളനി റോഡ് നിർമ്മാണം | 2022-23 | 900000 | പൂർത്തീകരിച്ചു. |
| 3 | മുണ്ടപ്പലം ആലുങ്ങൽക്കണ്ടി പട്ടികജാതി കോളനി റോഡ് നിർമ്മാണം | 2022-23 | 2150000 | പൂർത്തീകരിച്ചു. |
| 4 | വെട്ടുകാട് പട്ടികജാതി കോളനി റോഡ് നിർമ്മാണം | 2022-23 | 1480000 | പുരോഗമിക്കുന്നു. |
| 5 | മണ്ണറോട്ട് പട്ടികജാതി കോളനി റോഡ് നിർമ്മാണം. | 2023-24 | 2487000 | ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| 6 | കുടുക്കിൽ പട്ടികജാതി കോളനി ഭവനസുരക്ഷ | 2023-24 | 1430000 | ഈ സാമ്പത്തിക വർഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

<u>അംബേദ്കർ ഗ്രാമ വികസന പദ്ധതി</u>

| ക്രമ നമ്പർ | കോളനി | വർഷം | അടങ്കൽ തുക | റിമാർക്സ് |
|---|---|---|---|---|
| 1 | കോട്ടപ്പറമ്പ് പട്ടികജാതി കോളനി | 2021-22 | 9997928 | എസ്റ്റിമേറ്റിന് അംഗീകാരം ലഭിക്കുകയും പ്രവൃത്തി ഉദ്ഘാടനവും കഴിഞ്ഞിട്ടുണ്ട്. പ്രവൃത്തി ആരംഭിച്ചിട്ടില്ല. |
| 2 | പാലപ്പറമ്പ് പട്ടികജാതി കോളനി | 2021-22 | -- | എസ്റ്റിമേറ്റ് അംഗീകാരത്തിനായി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്.എസ്റ്റിമേറ്റിന് അംഗീകാരം ലഭിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം-2**

| ക്രമ നം | പദ്ധതി | ഗ്രാമപഞ്ചായത്ത് | റിമാർക്സ് |
|---|---|---|---|
| 1 | വെട്ടുകാട് പട്ടികജാതി കോളനി റോഡ് നിർമ്മാണം | വാഴക്കാട് | 2022-23 വർഷത്തെ കോർപ്പസ് ഫണ്ടിൽ ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രവൃത്തി പുരോഗമിക്കുന്നു. |
| 2 | കരിയാത്തൻകുഴി-വെട്ടുകാട് പട്ടികജാതി കോളനി റോഡ് നിർമ്മാണം | വാഴക്കാട് | എസ്റ്റിമേറ്റും അനുബന്ധ രേഖകളും ലഭ്യമായിട്ടുണ്ട്. ജില്ലാ പ്ലാനിംഗ് ഓഫീസറുമായി ചേർന്ന് സംയുക്ത പരിശോധന നടത്തി തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| 3 | കക്കട്ടീരി പുറായ്-പാറോട്ട് പുറായ് പട്ടികജാതി കോളനി റോഡ് നിർമ്മാണം | വാഴക്കാട് | നടപ്പ് വർഷം കോർപ്പസ് ഫണ്ട് ഇനത്തിലെ ഫണ്ടിന്റെ അപര്യാപ്തത മൂലം ഗ്രാമ/ബ്ലോക്ക് പഞ്ചായത്തിന്റെ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിന് കൊണ്ടോട്ടി ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ മുഖേന നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ